(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(I) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

കാർഷിക സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക് സഹായം നൽകുന്ന പദ്ധതികൾ

*4 [343] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ:

,, പി. ജയരാജൻ:

,, പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സഹകരണ വികസന കോർപ്പറേഷന്റെ സംസ്ഥാനത്തെ ഉപഭോക്തൃമേഖല ശക്തിപ്പെടുത്തുന്നതിനും കാർഷിക സംസ്ക്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും സഹകരണ സംഘങ്ങൾക്ക് സഹായം നൽകുന്ന പദ്ധതികൾ ആവിഷ്ക്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) എൻ.സി.ഡി.സി. സംഘങ്ങൾക്ക് വായ്പ നൽകുന്നത് സർക്കാർ ഗ്യാരണ്ടിയിലാണോ; എങ്കിൽ സർക്കാർ ഗ്യാരണ്ടി ഇപ്പോൾ നൽകുന്നുണ്ടോ;

(സി) എൻ.സി.ഡി.സി. സഹായ പദ്ധതികളിൽ ഏതെല്ലാം പദ്ധതികൾ പ്രകാരം എത്ര കോടി രൂപ സഹകരണ രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള സഹകരണ സംഘങ്ങൾക്ക് ഈ വർഷം ലഭ്യമാക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കാമോ;

(ഡി) എൻ.സി.ഡി.സി. സംഘങ്ങൾക്ക് നേരിട്ട് വായ്പ നൽകുന്നുണ്ടോ;

(ഇ) എൻ.സി.ഡി.സി. അനുവദിച്ച തുക സർക്കാർ സംഘങ്ങൾക്ക് നൽകുവാൻ ബാക്കിയുണ്ടോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) ഇപ്പോൾ തന്നെ വിവിധ പദ്ധതികൾ നിലവിലുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) ഗ്യാരണ്ടിയുടെ അടിസ്ഥാനത്തിലല്ല. ശുപാർശ അനുസരിച്ചാണ്.

† നിയമസഭാലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ വർഷം 30-6-2004 വരെ 75.59 ലക്ഷം രൂപയുടെ സഹായം ലഭ്യമാക്കിയിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്. 518 സഹകരണ സ്ഥാപനങ്ങൾക്കായി ആകെ 49.28 കോടി രൂപ ഇനി നൽകുവാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ജുവനൈൽ ജസ്റ്റീസ് നിയമം

*5 [344] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. മഞ്ഞളാംകുഴി അലി:

,, രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജുവനൈൽ ജസ്റ്റീസ് നിയമം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ജുവനൈൽ ഭവനങ്ങളിലെയും ക്ഷേമ സ്ഥാപനങ്ങളിലെയും കുട്ടികൾക്കുവേണ്ടി സാമൂഹ്യക്ഷേമ വകുപ്പ് യൂനിസെഫ് സഹായത്തോടെ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നതെന്ന് വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് തെരുവ് കുട്ടികൾ വർദ്ധിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ദുരിതമനുഭവിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി 1998-ൽ സ്ഥാപിച്ച പി.ഡി.എം. സെല്ലിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) ഉണ്ട്.

(ബി) ഇതിലേക്കായി ഒരു കർമ്മപദ്ധതി സർക്കാർ തയ്യാറാക്കിവരുന്നു.

(സി) ഇല്ല.

(ഡി) നടപടി സ്വീകരിക്കും.